## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3267 — 14.10.2011-ൽ മറുപടിയ്ക്ക്

### വൈദ്യുതി നിയന്ത്രണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 2011 സെപ്തംബർ - ഒക്ടോബർ മാസങ്ങളിൽ ലോഡ് ഷെഡിംഗോ, പവർകട്ടോ പ്രാബല്യത്തിലാക്കിയിട്ടുണ്ടോ ; വിശദ വിവരം നൽകുമോ ; | (എ) പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. 27-09-2011 മുതൽ സംസ്ഥാനത്ത് ഭാഗികമായും 29-09-2011 മുതൽ സംസ്ഥാനമൊട്ടാകെയും ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു. വൈകുന്നേരങ്ങളിലെ അധിക ആവശ്യകതയുടെ സമയത്തും ഉപഭോഗം ക്രമാതീതമായി വർദ്ധിക്കുന്ന ചില ദിവസങ്ങളിൽ മറ്റു സമയങ്ങളിലും ലോഡ്ഷെഡ്ഡിംഗ് നടത്തേണ്ടി വന്നിട്ടുണ്ട്. |
| (ബി) എന്തുകൊണ്ടാണ് വൈദ്യുത നിയന്ത്രണം വേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) കാലവർഷം നിലച്ചതിനെതുടർന്ന് വൈദ്യുതിയുടെ ആവശ്യകത [illegible] ക്രമാതീതമായി വർദ്ധിച്ചു. ജലവൈദ്യുത നിലയങ്ങളിൽ നിന്ന് പൂർണ്ണതോതിൽ ഉൽപ്പാദനം നടത്തിയാലും, കേന്ദ്രവിഹിതം പൂർണ്ണമായി ലഭിച്ചാലും ആവശ്യകത നിറവേറ്റാൻ കഴിയാത്ത സാഹചര്യം വന്നു. കായംകുളം, ബി. എസ്. ഇ. എസ്. തുടങ്ങിയ കേരളത്തിലെ നിലയങ്ങളിൽ നിന്ന് താപവൈദ്യുതിയുടെ അധികനിരക്ക് കാരണം വൈദ്യുതി വാങ്ങാൻ കഴിയാതെ വന്നു. 26-09-2011 മുതൽ കേന്ദ്ര വിഹിതത്തിൽ കുറവുവന്നു. കേന്ദ്ര നിലയങ്ങളായ നെയ്‌വേലി, താൽച്ചർ |

തുടങ്ങിയവയിൽ അടിയന്തിര അറ്റകുറ്റപണികൾക്കായി ചില ജനറേറ്ററുകൾ നിർത്തിയതും, രാമഗുണ്ടം നിലയത്തിലെ കൽക്കരിക്ഷാമവും, കൂടാതെ അൺഅലോക്കേറ്റഡ് വിഹിതത്തിലുണ്ടായ കുറവും മൂലം പ്രതിസന്ധി രൂക്ഷമായി. തുടർന്ന് കേന്ദ്രവിഹിതത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. കൂടാതെ പ്രതിസന്ധി പരിഹരിക്കാനായി ലഭ്യമായ സ്രോതസുകളിൽ നിന്നെല്ലാം മെറിറ്റ് ഓർഡർ അനുസരിച്ച് വൈദ്യുതി വാങ്ങുന്നുണ്ടെങ്കിലും വൈദ്യുതികമ്മി നിലനിൽക്കുന്ന സാഹചര്യത്തിലാണ് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നത്.

(സി) വൈദ്യുത നിയന്ത്രണം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) സംസ്ഥാനത്തെ ആഭ്യന്തര നിലയങ്ങളിലെ ഉത്പാദനം പരമാവധി വർദ്ധിപ്പിച്ചും, സംസ്ഥാനത്തിന് പുറത്തു നിന്നും ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും മെറിറ്റ് ഓർഡർ അനുസരിച്ച് പരമാവധി വൈദ്യുതി വാങ്ങാനുള്ള കരാറുകളിൽ ഏർപ്പെട്ടും പ്രതിസന്ധി പരിഹരിക്കാനായി ശ്രമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.